കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കായക്കൊടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം: കെ എസ് എ.കെ.കെ.ഡി/പി 6/1780 /2016

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

തീയതി :22.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കായക്കൊടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കായക്കൊടി ഗ്രാമപഞ്ചായത്ത് -2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ -2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം: കെ എസ് എ.കെ.കെ.ഡി/പി 6/1780 /2016 തിയ്യതി -22.09.2017

# കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08-01-17മുതൽ 26-07-17വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-08-17 മുതൽ 21-08-17 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ .ബാലസുബ്രമണ്യൻ എ.കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ .ഉണ്ണികൃഷ്ണൻ .പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .ദിശ ആർ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ .ജാസിർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അശ്വതി .കെ.ടി | 01-4-16മുതൽ 31-03-17വരെ |
| സെക്രട്ടറി | ശ്രീ.ഒ.ബാബു സെക്രട്ടറി(ഇൻ ചാർജ്) | 01-04-16മുതൽ 28-08-16വരെ |
| | ശ്രീ .സുമേഷ് .കെ.സെക്രട്ടറി | 28-08-16മുതൽ 31-03-17 വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഒ.ബാബു | 01-04-16മുതൽ 31-03-17വരെ |
| 2 | വെറ്റനറി സർജൻ | ശ്രീ.മുജീബ് റഹ്മാൻ | 2016-17 |
| 3 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | ശ്രീമതി.ഭവ്യ കെ എസ്സ് | 2016-17 |
| 4 | മെഡിക്കൽ ഓഫീസർ(പി എച്ച്.സി) | ശ്രീ.വിനോദ് | 2016-17 |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ശ്രീ അജി കെ എസ്സ് | 2016-17 |
| 6 | ഹെഡ് മാസ്റ്റർ | ശ്രീ. മൊയ്തു എച്ച്.എം | 2016-17 |
| 7 | ഐ സി ഡിഎസ്സ് സൂപ്പർവെസർ | ശ്രീമതി. പ്രേമ ഒച്ചിലോട്ട് | 2016-17 |
| 8 | വി ഇ ഒ | ശ്രീ.ഷൈലേഷ് കുമാർ | 2016-17 |
| 9 | കൃഷി ഓഫീസർ | ശ്രീമതി. കവിത വി ജെ | 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തികവർഷത്തെ ബജറ്റ് 47/ 2015-16 /02-03-2016 ലെ നമ്പർ ഭരണസമിതി യോഗതീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.17 | 20 -07-17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|
| 19-8-17 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,30,68,490 |
| വരവ് | 4,39,67,228 |
| ആകെ | 5,70,35,718 |
| ചെലവ് | 4,21,01,099 |
| നീക്കിയിരിപ്പ് | 1,49,34,619 |

## 1-5 ഫണ്ട് വിനിയോഗം(എ.സി .ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,20,51,896 | 1,20,51,896 | 95,33,508 | 25,18,388 | 79.10 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11,59,209 | 11,59,209 | 7,73,800 | 3,85,409 | 66.75 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 48,183 | 48,183 | 0 | 48,183 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 48,50,730 | 48,50,730 | 34,37,127 | 14,13,603 | 70.85 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 32,44,098 | 32,44,098 | 18,49,578 | 13,94,520 | 57.01 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 67,59,761 | 67,59,761 | 40,17,720 | 27,42,041 | 59.43 |
| കെ എൽ ജി എസ് ഡി പി | 0 | 47,42,855 | 47,42,855 | 20,77,540 | 26,65,315 | 43.8 |
| കെ എൽ ജി എസ് ഡി പി (state) | 0 | 9,30,275 | 9,30,275 | 1,18,829 | 8,11,446 | 12.77 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 156 | 5,47,98,894 | 68 | 2,48,05,991 | 26 | 62 | 43 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 49.4 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 21,58,209 | 28,86,770 | 7,28,561 | 33.75(+) |
| നികുതിയേതര വരവുകൾ | 68,43,570 | 7,94,380 | 60,49,190 | 88.39(-) |
| ആകെ | 90,01,779 | 36,81,150 | 67,77,751 | 75.29(-) |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി വേതനം | 96,96,360 | 1096 |
| വിധവാപെൻഷൻ | 87,59,960 | 855 |
| വാർദ്ധക്യകാലപെൻഷൻ | 96,20,070 | 934 |
| വികലാംഗപെൻഷൻ | 23,52,585 | 264 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2,61,560 | 29 |
| വിവാഹധനസഹായം | 60,000 | 2 |
| തൊഴിൽരഹിത വേതനം | 4,68,240 | 301 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-08-2017 ന് കാലത്ത് 10.30മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പായ 25,406/- (ഇരുപത്തി അയ്യായിരത്തി നാനൂറ്റി ആറ്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പറും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-05-17 | 1/2017 to 4/17 | - |
| അക്കൗണ്ടന്റ് | 13-07-2007 | 2004-05to | LBA/HQ/111/8A- |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | | 2008-09 | 1452/483/26-08-09 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അതിനാൽ, വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

2) താഴെ പറയുന്ന ഇനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

| ക്രമ നം | രജിസ്റ്റർ | അപാകത |
|---|---|---|
| 1 | തൊഴിൽ നികുതി രജിസ്റ്റർ | ട്രേഡ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അതിനാൽ നികുതി പിരിച്ചതിന്റെ ആധികാരികത വ്യക്തമല്ല. |
| 2 | വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ | തയ്യാറാക്കിയിട്ടില്ല |

3) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-2 വസ്തു നികുതി അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ ,സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1)സാംഖ്യ-സഞ്ചയ കണക്കുകളിൽ പൊരുത്തക്കേട് പ്രകടമാകുന്നു.

കായക്കൊടി ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ സോഫ്റ്റ്വെയറുകൾ സംയോജിപ്പിച്ചിട്ടുണ്ടെങ്കിലും രണ്ട് സോഫ്റ്റ്വെയറിലും 2016-17 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| സാംഖ്യ | | സഞ്ചയ | | വ്യത്യാസം | |
|---|---|---|---|---|---|
| തൻവർഷം | മുൻബാക്കി | തൻവർഷം | മുൻബാക്കി | തൻവർഷം | മുൻബാക്കി |
| 1997694/- | 1447849/- | 1999057/- | 1425970/- | 1363/- | 21879/- |

സഞ്ചയ സോഫ്റ്റ്‌വെയറിലും സാംഖ്യ സോഫ്റ്റ്‌വെയറിലും കണക്കുകൾ തമ്മിൽ പൊരുത്തപ്പെടണമെന്നിരിക്കെ മേൽപറഞ്ഞ പ്രകാരം വ്യത്യാസം വന്നത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

(2) ഡിജിറ്റലൈസേഷന് ശേഷം നികുതിയിൽ നഷ്ടം

കെട്ടിടങ്ങളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തതിന് ശേഷം 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ലെങ്കിൽ നിലവിലുള്ള വസ്തു നികുതിയും 2000 ചതുരശ്രയടിക്ക് മുകളിലുള്ള മാറ്റം വരുത്താത്ത കെട്ടിടങ്ങൾക്ക് മിനിമം 25 % വർദ്ധനവും ഉണ്ടാകുന്നു. 2013-14 മുതൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് ഇത് എല്ലായ്പ്പോഴും ബാധകമാകണമെന്നില്ല. എന്നാൽ മുൻ നിർണ്ണയിച്ച നികുതിയിൽ കുറവ് സംഭവിക്കുവാൻ പാടില്ലാത്തതുമാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധന നടത്തിയതിൽ ഇതിന് വ്യത്യാസം വന്നതായി കാണുന്നു.ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമ | പ്ലിന്ത് വിസ്തീർണ്ണം | ഉപയോഗം | മുൻ നികുതി | സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി | നികുതി നഷ്ടം |
|---|---|---|---|---|---|---|
| 5/102A | ശ്രീ.ദിനേശൻ വലിയപറമ്പത്ത് | 204.01 m2 | വാസഗൃഹം | 857/- | 572/- | 285/- |
| 3/304 A | ജനറൽ സെക്രട്ടറി , പ്രസിഡന്റ് സിറാജുൽ ഹുദ എജ്യുക്കേഷൻ- കുറ്റ്യാടി | 234.18 m2 | ലൈബ്രറി | 14051/- | 11241/- | 3513/- |
| 2/321 C | ശ്രീ.പൊയിൽ നവാസ്, ശ്രീ.നൗഷാദ്, ശ്രീമതി.റംഷീന | 224.01 m2 | വാസഗൃഹം | 810/- | 717/- | 93/- |

3) ഒരേ കെട്ടിടത്തിൽ വ്യത്യസ്ത നമ്പർ നൽകുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |
| 3. | മേൽക്കൂരയുടെ നിർമിതി | |

| | | |
|---|---|---|
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 8. | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി

നിർണയിക്കുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | തറ വിസ്തീർണം | കെട്ടിട നമ്പർ | അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി | സഞ്ചയ വസ്തു നികുതി |
|---|---|---|---|---|
| ബാബു s/o കണാരൻ കളരികെട്ടിയ പറമ്പത്ത് | 194.8 $m^2$ | 12/ 58 A മുതൽ 12/ 58 M വരെ | 15869/- | 15878/- |

മേൽ കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണം 194.8 m2 ആണ്.

എന്നാൽ മേൽ കെട്ടിടത്തിലെ വിവിധ മുറികൾക്ക് 11 വ്യത്യസ്ത നമ്പറുകൾ ആണ് അനുവദിച്ചിട്ടുള്ളത്. കെട്ടിടത്തെ ഒറ്റ യൂണിറ്റായി പരിഗണിച്ച് ആണ് കെട്ടിടത്തിന് നമ്പർ അനുവദിക്കേണ്ടിയിരുന്നത്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ കെട്ടിട നമ്പർ നൽകുവാനുള്ള സാഹചര്യം ചട്ടം 4 (1) ൽ പ്രസ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ഉപയോഗപ്പെടുത്തുക എന്നതാണ്. ചട്ടം 4 (1) ൽ പ്രസ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾ ഇവയാണ്.

| | |
|---|---|
| 1 | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 2 | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 3 | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ |
| 4 | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ |
| 5 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 6 | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ |
| 7 | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം |

എന്നാൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഉൾപ്പെടുന്നില്ല. കെട്ടിടത്തിന്റെ മുഴുവൻ ഭാഗങ്ങളും വാണിജ്യാവശ്യത്തിനാണ് ഉപയോഗിക്കുന്നത്.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-3 ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത തുക അടവാക്കിയതിൽ കുറവ്

2016-17 സാമ്പത്തിക വർഷം വെറ്ററിനറി സർജന് പഞ്ചായത്ത് ഓഫീസിൽ നിന്നും വിതരണം ചെയ്ത 17133, 17134, 17136( 1-11 വരെ റസീറ്റുകൾ) റസീറ്റ് ബുക്കുകളിൽ നിന്നുള്ള ആകെ കളക്ഷൻ 6,18,125/- രൂപയാണ്. എന്നാൽ വിവിധ തീയ്യതികളിലായി ഓഫീസിൽ അടവാക്കിയ തുക 5,92,510/- രൂപയാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തിയ്യതി | അടവാക്കിയ തുക | രസീത് നം |
|---|---|---|---|
| 1 | 27.01.2017 | 30000 | 11602104218 |
| 2 | 27.01.2017 | 36000 | 11602104219 |
| 3 | 25.01.2017 | 15000 | 11602104106 |
| 4 | 18.03.2017 | 12000 | 11602105359 |
| 5 | 16.03.2017 | 12000 | 11602105336 |
| 6 | 16.03.2017 | 15000 | 11602105335 |
| 7 | 14.03.2017 | 15000 | 11602105315 |
| 8 | 07.03.2017 | 12000 | 11602105204 |
| 9 | 07.03.2017 | 15000 | 11602105203 |
| 10 | 10.02.2017 | 24000 | 11602104659 |
| 11 | 28.02.2017 | 18000 | 11602105097 |
| 12 | 10.02.2017 | 45000 | 11602104658 |
| 13 | 03.02.2017 | 30000 | 11602104432 |

| | | | |
|---|---|---|---|
| 14 | 02.02.2017 | 15000 | 11602104416 |
| 15 | 02.02.2017 | 24000 | 11602104415 |
| 16 | 30.01.2017 | 30000 | 11602104293 |
| 17 | 30.01.2017 | 12000 | 11602104294 |
| 18 | 25.01.2017 | 18000 | 11602104107 |
| 19 | 16.03.2017 | 60445 | 11602105337 |
| 20 | 14.3.2017 | 6000 | 11602105314 |
| 21 | 06.03.2017 | 100190 | 11602105161 |
| 22 | 25.01.2017 | 7500 | 11602104105 |
| 23 | 27.01.2017 | 4875 | 11602104220 |
| 24 | 30.01.2017 | 6250 | 11602104292 |
| 25 | 29.06.2017 | 10750 | 117020100821 |
| 26 | 20.06.2017 | 18500 | 117020100732 |
| | | 592510/- | |

പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതത്തിൽ 25,615/- രൂപ കുറവായിട്ടാണ് പഞ്ചായത്തിൽ അടവാക്കിയത് . 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 16(2), 23 എന്നിവ പ്രകാരം പഞ്ചായത്തിനുവേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ കൈപ്പറ്റുന്ന ഏതൊരു തുകയും തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുവാൻ പാടുള്ളതല്ല. പൊതുപണം സൂക്ഷിപ്പുമായി പാലിക്കേണ്ട നിയമവ്യവസ്ഥകൾ പാലിക്കാതെ പിരിവ് തുക വെറ്ററിനറി സർജൻ കൈവശം വെച്ചത് നിയമലംഘനമായേ ഓഡിറ്റിൽ വിലയിരുത്തൂ. മേൽ വിവരിച്ച തുക നിയമാനുസൃത പലിശസഹിതം (12%) വെറ്ററിനറി സർജനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2016-17ലെ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേൺ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല.

വിവിധ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ച രസീത് നമ്പർ, തിയ്യതി എന്നിവ ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റിൽ കച്ചവടക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമാക്കിയിട്ടില്ല.

2)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കാൻ ബാക്കിയുള്ള കാലയളവ് |
|---|---|---|
| 1 | മാവേലി സ്റ്റോർ കായക്കൊടി | 2016-17 ഒന്നാം അർദ്ധവർഷം |
| 2 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കായക്കൊടി | 2016-17 ഒന്നാം അർദ്ധവർഷം |
| 3 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 2016-17 ഒന്നാം അർദ്ധവർഷം |
| 4 | കുന്നുമ്മൽ ബ്ലോക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2016-17 ഒന്നാം അർദ്ധവർഷം |
| 5 | അക്ഷയ സെന്റർ -കായക്കൊടി | 2016-17 ഒന്ന്, രണ്ട് അർദ്ധവർഷം |
| 6 | അക്ഷയ സെന്റർ -തളീക്കര | 2016-17 ഒന്ന്, രണ്ട് അർദ്ധവർഷം |
| 7 | നിട്ടൂമണ്ണൂർ ക്ഷീരോത്പാദക സഹകരണ സംഘം | 2016-17 ഒന്ന്, രണ്ട് അർദ്ധവർഷം |
| 8 | സിറാജുൽ ഹുദ ഇംഗ്ലീഷ് മീഡിയം സ്കൂൾ -കുറ്റ്യാടി | 2016-17 ഒന്ന്, രണ്ട് അർദ്ധവർഷം |

ചുവടെ ചേർക്കുന്ന ക്വാറി / ക്രഷർ യൂണിറ്റുകളിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഉടമ & സ്ഥാപനം |
|---|---|
| 1 | ശ്രീ. ഷബീർ അലി വി പി,വേങ്ങോളിപ്പൊയിൽ |
| 2 | ശ്രീ. മുനീർ പി എം,കാപ്പുമ്മൽ പാലേരി ടൗൺ - "പാലോളി ക്വാറി" |
| 3 | ശ്രീ. അന്ത്രു,കോടിയങ്ങോത്ത്,ചേലക്കാട് - "എ എൻ എസ് സ്റ്റോൺ " |

| | |
|---|---|
| 4 | ശ്രീ. എൻ പി പത്മനാഭൻ,വാളക്കയത്തിൽ ,കാവിലുംപാറ-"കൈരളി ഗ്രാനൈറ്റ്സ്" |
| 5 | ശ്രീ. മുനീർ പി എം,കാപ്പുമ്മൽ പാലേരി ടൗൺ -"കരിങ്കൽ ഖനനം" |

3)കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും 2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | ശ്രീ. രഘുദാസൻ,കൽത്തോപ്പിൽ |
| 2 | ശ്രീ. എ കെ സദാനന്ദൻ |
| 3 | ശ്രീ. ദിനേശൻ പി ടി |
| 4 | ശ്രീ. സഫീർ കെ ,കുന്നുമ്മൽ , കുറ്റ്യാടി |
| 5 | ശ്രീ. എൻ ജയചന്ദ്രൻ,നെല്ലിക്കോർ, പാതിരിപ്പറ്റ പി ഒ |
| 6 | ശ്രീ. സണ്ണി എ എം,ഗ്രേസ് വില്ല |
| 7 | ശ്രീ. എൻ പി അശോകൻ,നെല്ലിയുള്ള പറമ്പത്ത് |
| 8 | ശ്രീ. റഫീഖ് കെ പി ,കുറ്റിയിൽ പറമ്പത്ത് |
| 9 | ശ്രീ. തോമസ് പുല്ലാട്ട്,ചാത്തങ്കോട്ട് നട |
| 10 | ശ്രീ. മുഹമ്മദ് ആദിൽ ,മണിയാളം കണ്ടി |
| 11 | ശ്രീ. സുകേഷ് സി പി ,ചാമ വലിയ പറമ്പത്ത്. കോടിയൂറ പി ഒ |
| 12 | ശ്രീ. എം കെ മൊയ്തു ഹാജി,മണിയാളം കണ്ടി. തളിയിൽ പി ഒ |

മേൽ ജീവനക്കാരിൽ / സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെറ്ററിനറി ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ– പണം നൽകിയതിന്റെ മരുന്ന് ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് - വെറ്ററിനറി ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

പ്രൊജക്റ്റ് നം.- 7/17

അടങ്കൽ - 1,00,000 (MG NR)

ചെലവ് - ബിൽ നം. CO 1/16-17തി. 18.02.2017 – 99,000 രൂപ

ആശുപത്രിയിലേക്ക് മരുന്ന് വാങ്ങാനായാണ് മേൽ തുക ചെലവഴിച്ചത്. ക്വട്ടേഷനിൽ നാല് സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഇവയിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ മൈത്രി ഫാർമ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് മരുന്ന് വാങ്ങിയത്. ക്വട്ടേഷൻ മുഖേന മരുന്ന് ആവശ്യപ്പെട്ടത് 11 ഇനം മരുന്നുകൾ ആണ്. പദ്ധതി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ആകെ മരുന്ന് വാങ്ങുന്നത് 99,000/- രൂപയ്ക്കാണ്. അതിൽ കാൽസ്യം ടോണിക്കായ Ascal Gold 1 Lr. എന്ന മരുന്ന് ആണ് 89,208/- രൂപയ്ക്കും വാങ്ങിയത്. മറ്റു മരുന്നുകൾ 9792/- രൂപയ്ക്കേ വാങ്ങിയുള്ളൂ.

2) ഒരു കാൽസ്യം ടോണിക്കിന്റെ വില സ്ഥാപനം ക്വാട്ട് ചെയ്തത് 132 രൂപയ്ക്കാണ് വിതരണം ചെയ്യാമെന്ന് ഏറ്റത്. എന്നാൽ 640 ബോട്ടിൽ കാൽസ്യം മരുന്ന് വാങ്ങാനായി പണം കൊടുത്തപ്പോൾ 400 എണ്ണത്തിന് 132.30 രൂപ നിരക്കിലും, 240 എണ്ണത്തിന് 151.20 രൂപ നിരക്കിലുമാണ് പണം നൽകിയത്.

3) 310 ബോട്ടിൽ മാത്രമാണ് സ്റ്റോക്കിൽ എടുത്തത്. സ്റ്റോക്ക് ബുക്ക് പേജ് നം. 3-5 വരെ, അവസാനമായി മരുന്ന് എടുത്ത തിയ്യതിയിൽ ബോട്ടിൽ മരുന്നാണ് സ്റ്റോക്കിൽ ഉള്ളത്. ആദ്യം മരുന്ന് വന്ന തിയ്യതിയായ 10.3.2017 ന് ശേഷം ഈ മരുന്ന് സ്ഥാപനത്തിൽ എത്തിയിട്ടില്ല.

4) സ്റ്റോക്ക് ബുക്ക് വെട്ടിത്തിരുത്തിയ നിലയിലാണ്.

240 ബോട്ടിലിന് അധികം നൽകിയ തുകയായ 4,536/- രൂപ (151.20-132.30= 18.90; 18.9X240=4536)ഉത്തരവാദിയായ വെറ്ററിനറിസർജനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ സ്ഥാപനത്തിൽ എത്താത്ത 330 ബോട്ടിൽ (640-310=330)ന്റെ തുകയായ 43,659/- രൂപ (330X132.30=43659) യും ഈ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്. (ആകെ തുക 43659+4536= 48,195/- രൂപ)

## 3-2 റോഡ് കോൺക്രീറ്റിന് അധികം നിരക്ക് നൽകി

2015-16 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ. മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഇതിന് കരാറുകാരന് ഒരു ഘനമീറ്ററിന് 7953.46/- രൂപയുമാണ് അനുവദിച്ചത്. ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോസ്റ്റ് ഇൻഡക്സ് ആയ 1.381 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഇനമായ ഡി.എസ്.ആർ. കോഡ് 4.1.3 പകരം 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 പ്രകാരം താഴെ കാണിച്ച നിരക്കുകളാണ് അനുവദിക്കേണ്ടിയിരുന്നത്.

| | | | |
|---|---|---|---|
| 20 മി.മീ. മെറ്റൽ | 0.670 | 1175 | 787.25 |

| | | | |
|---|---|---|---|
| 10 മി.മീ.മെറ്റൽ | 0.220 | 1175 | 258.50 |
| കടത്ത് | 0.890 | 106.49 | 94.78 |
| മണൽ | 0.445 | 1200 | 534.00 |
| കടത്ത് | 0.445 | 106.49 | 47.39 |
| സിമന്റ് | 0.320 | 6300 | 2016.00 |
| കടത്ത് | 0.320 | 94.65 | 3029.00 |
| ലേബർ | | | |
| മേസൺ | 0.1 | 419 | 41.70 |
| ബെൻഡർ | 1.63 | 329 | 536.27 |
| ബിസ്തി | 0.70 | 363 | 254.10 |
| കോൺക്രീറ്റ് മിക്സ് വാടക | 0.07 | 800 | 56.00 |
| വൈബ്രേറ്റർ | 0.07 | 350 | 24.50 |
| മറ്റ് ചെലവുകൾ | 14.30 | 1.78 | 25.45 |
| ആകെ | | | 4706.23 |
| വാട്ടർ ചാർജ്ജ് 1% | | | 47.06 |
| ആകെ | | | 4753.29 |
| 10 %ലാഭവിഹിതം + 5% ഓവർഹെഡ് ചാർജ് | | | 712.99 |
| ആകെ | | | 5466.28 |

കരാറുകാർക്ക് നൽകാവുന്ന നിരക്ക് : 5466.28*1.381= 7549/ഘന.മീ.

| പ്രൊജക്ട് നം, പ്രവൃത്തിയുടെ പേര് കരാറുകാരൻ, കരാർ തിയ്യതി, | സാങ്കേതികാനുമതി ലഭിച്ച വിവരം | 20എം.എം. മെറ്റല്പയോഗിച്ച്1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിന് നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കൈതക്കൊല്ലി പാലയാട് വെങ്കല്ലുള്ളതറ റോഡ്, 143/17(എംബുക്ക്-42/16-17) പ്രവൃത്തിമൂല്യം - 16,56,219/-രൂപ ചെലവ്- 5,56,093/-രൂപ, ബിൽ നം. 23/2.3.17 5,54,219/-രൂപ, ബിൽ നം. 22/3.3.17 37,000/-രൂപ, ബിൽ നം.24/2.3.17 -1,75,907/-, ചെക്ക് നം 18395/17.3.17 കരാറുകാരൻ – രഘുദാസൻ | EE/LSGD/TS/ GP 51/15-16 2.2.16 1870000 | ഇനം 9<br>586965.34<br>(73.80ഘന.മീ.* 7953.46/ഘന.മീ.) | 557116.2<br>( 73.8ഘന.മീ.* x7549/ഘന.മീ.) | 29,849.14 |
| പുന്നത്തോട്ടംപൂക്കാട് ദേവർകോവിൽ റോഡ് 113/17എംബുക്ക്-10/06-07, 115/10-11 പ്രവൃത്തിമൂല്യം - 20,17,155/- രൂപ ചെലവ്- 20,17,155/- , ബിൽ നം.26/3.3.17 ലഭ്യമല്ല കരാറുകാരൻ – രഘുദാസൻ | ടിഎസ് EE/LSGD/ TS/ UP 50/15-16 2.2.16 | 28.20 $m^3$x 7953.46 2,24,287.57 | 28.20$m^3$x<br>7549/ഘന.മീ.= 2,12,881.8 | 11405.77- 7.89% tb<br>10,505.77 |
| | | | | 40,354.91 |

അധികം നൽകിയ 40355/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് പ്രവൃത്തിക്ക്

സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയർ, അളവുകളെടുത്ത് ബിൽ തയ്യാറാക്കിയ അസി എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 മണ്ണ്ഫില്ലിംഗിന് അധിക നിരക്ക് നല്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2016-17 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത മരാമത്ത് പ്രവൃത്തിയുടെ ഒരിനം മണ്ണ് ഫില്ലിംഗ് എന്നതാണ്. മണ്ണ് ഫില്ലിംഗിന് ഒരു ഘനമീറ്ററിന് 437.64, രൂപയാണ് നിരക്ക് അനുവദിച്ചത്(കോസ്റ്റ് ഇൻഡക്സ് 1.381). 1.1.15ന് ചീഫ് എഞ്ചിനിയർ(ബിൽഡിംഗ്സ്) തയ്യാറാക്കിയ സി.ഇ/ബി എൽ/ജി.എൽ/2014 നമ്പറിലുള്ള ഒബ്സർവ്ഡ് ഡാറ്റയിലെ മണ്ണ് ഫില്ലിംഗിനുള്ള നിരക്ക് താഴെ കൊടുത്ത പ്രകാരമാണ്.

50.2.26.1 – കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ്

| code | description | unit | quantity | rate | amount |
|---|---|---|---|---|---|
| | Details of cost for one cum | | | | |
| 0979 | Royalty for good earth | cum | 1 | 30 | 30 |
| 2241 | Carriage of good earth | cum | 1 | 133.11 | 133.11 |
| 0128 | Mate | Day | 0.01 | 363 | 3.63 |
| 0115 | Coolie | Day | 0.01 | 329 | 3.29 |
| 0101 | Bhisti | Day | 0.01 | 363 | 3.63 |
| | Total | | | | 173.66 |
| | Add water charges@1% | | | | 1.74 |
| | Total | | | | 175.40 |

| | | | | | |
|---|---|---|---|---|---|
| | Cost index 38.1% | | | | 66.83 |
| | Total | | | | 242.23 |
| | Add CPOH 15% | | | | 36.33 |
| | Total | | | | 278.56 |

താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികളിൽ 437.64/-, രൂപയാണ് അനുവദിച്ചത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മണ്ണ് ഫിൽ ചെയ്ത പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1 | - കൈതക്കൊല്ലി പാലയാട് വെങ്കല്ലുള്ളതറ റോഡ്, 143/17എംബുക്ക്-42/16-17 പ്രവൃത്തിമൂല്യം - 1656219രൂപ ചെലവ്-556093രൂപ, ബിൽ നം.23/2.3.17 554219രൂപ, ബിൽ നം.22/3.3.17 37000രൂപ, ബിൽ നം.24/2.3.17 -175907, ചെക്ക് നം 18395/17.3.17 കരാറുകാരൻ – രഘുദാസൻ | ഇനം 5 244.98 | 244.98 x 437.64 = 107213.04 | 244.98-86.37(cut earth)= 158.11 158.11 x 278.56 44043.12 | 63169.92 |

| | | | | | |
|---|---|---|---|---|---|
| 2 | പട്ടർകുളങ്ങര പാറയ്ക്കൽതാഴ റോഡ്, 178/17 എംബുക്ക്- 202/16-17 പ്രവൃത്തിമൂല്യം - 200000രൂപ ചെലവ്- 188981രൂപ, ബിൽ നം.19/16.3.17 കരാറുകാരൻ – പ്രിൻസ് മാത്യു | ഇനം 3<br>255.80m3 | 255.8x410.27 = 104947.07 | 255.8 x 242.23<br>= 61962.43 | 42984.59 |
| | ആകെ | | | | 106154.51 |

ഇവിടെ ഉറസ്സായ സ്ഥലത്ത് മണ്ണ് ഫില്ലിംഗിനുള്ള ഇനമായ 50.2.26.1 എടുക്കേണ്ടതിന് പകരം വളരെ ചെറിയ ട്രെഞ്ച്, ഫൗണ്ടേഷൻ ഫില്ലിംഗിനുള്ള ഇനമായ 50.2.25.1 എടുത്തതിനാൽ 1061545/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ആയത് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയർ, അളവുകളെടുത്ത് ബിൽ തയ്യാറാക്കിയ അസി എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 എഗ്രിമന്റ് വയ്ക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതായിരുന്നു. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1 | താഴെ മുണ്ട്യോട് മാവിലപ്പടി റോഡ് 55/17അടങ്കൽ 372000 WB ചെലവ് 371250 47/16-17 31.3.17കരാർ തുക | 10.1.17 | 25/16-17<br>28.1.17<br>തോമസ് പുല്ലാട്ട് | 3713/- |

| | | | | |
|---|---|---|---|---|
| | 450000-17.5% low = 371250 | | | |
| 2 | മാവുള്ളതിൽ കനാൽതുണ്ടിയിൽ താഴെ റോഡ് 70/17 അടങ്കൽ 337000 WB ചെലവ് 336960 45/16-17 31.3.17കരാർ തുക 400000- 15.76% low = 336960 | 10.1.17 | 30/16-17 28.1.17 അബ്ദുൾ ലത്തീഫ് | 3370/- |
| 3 | കരേക്കുന്ന് HC റോഡ് 76/16-17 അടങ്കൽ 100000 FCGചെലവ് 90290 ബിൽ 49/16-17 31.3.17കരാർ തുക 100000-9.71% below = 90290 | 10.1.17 | 31/16-17 3.2.17 അബ്ദുൾ ലത്തീഫ് | 903 |
| 4 | മാവുള്ളതറ ഒന്തംപരവന്റവിടെ റോഡ് 77/16-17 അടങ്കൽ 134000 CFCചെലവ് 133455 ബിൽ 57/16-17 31.3.17കരാർ തുക 150000-11.03% below = 133455 | 10.1.17 | 29/16-17 3.2.17 മൊയ്തുഹാജി | 1335/- |
| | | | | 9321 |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ കരാർ വച്ച നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും മേൽ തുക ഈടാക്കേണ്ടതാണ്.

## 3-5 ബിറ്റുമിൻ വാങ്ങുന്നതിന് മുൻകൂറായി അധിക തുക അടവാക്കി - അധികമടച്ച തുക തിരികെ ലഭിച്ചില്ല

നിർവ്വഹണം - സെക്രട്ടറി

2016-17 വർഷം നടപ്പിലാക്കാനുദ്ദേശിച്ചുള്ള പ്രോജക്ടുകൾക്കായി ബിറ്റുമെൻ വാങ്ങുന്നതിനായി 966359/- രൂപ പിൻവലിച്ചിട്ടുണ്ട്. ബിറ്റുമിൻ VG-30 99 ബാരലിനായി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും RS1 ബിറ്റുമിൻ 14 ബാരലിനും, SS1 ബിറ്റുമിൻ 28 ബാരലിനുമായി ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡിനും നല്കാൻ വേണ്ടിയാണ് മേൽ തുക പിൻവലിച്ചത്. തുക

നൽകിയതിനുള്ള രേഖകൾ ഫയലിനോടൊപ്പമില്ല.

തുക പിൻവലിച്ചതിന്റെ വിവരം താഴെ പറയുന്നു.

| ക്രമ നം | പ്രവൃത്തി | ബിറ്റുമിൻ | തുക | ബിൽ നം. തിയ്യതി |
|---|---|---|---|---|
| 1 | ഈന്തുള്ളതറ കട്ടിപ്പാറ റോഡ് | SS1 – 4<br>RS1- 2<br>VG30-11 | 121087 | 42/16-17<br>24.3.17 |
| 2 | ദേവർകോവിൽ പൂക്കാട് റോഡ് | SS1 – 1<br>RS1- 3<br>VG30-30 | 194278 | 38/16-17<br>24.3.17 |
| 3 | മുക്കിൽ പീടിക പുളക്കൽ റോഡ് | SS1 – 3<br>RS1- 1<br>VG30-8 | 86082 | 37/16-17<br>24.3.17 |
| 4 | മുട്ടുനട കനാൽ റോഡ് | SS1 – 4<br>RS1- 2<br>VG30-10 | 115690 | 51/16-17<br>24.3.17 |
| 5 | നെല്ലിയുള്ളതിൽ പാലോളി റോഡ് | SS1 – 3<br>RS1- 1<br>VG30-8 | 86082 | 44/16-17<br>24.3.17 |
| 6 | പള്ളിമുക്ക് കനാൽ റോഡ് | SS1 – 4<br>RS1- 1<br>VG30-9 | 103524 | 43/16-17<br>24.3.17 |
| 7 | കോയിട്ടികണ്ടി റോഡ് | SS1 – 2<br>RS1- 1<br>VG30-6 | 63242 | 40/16-17<br>24.3.17 |
| 8 | പൊയിലുപറമ്പത്ത പിലാവുള്ളതിൽ റോഡ് | SS1 – 5<br>RS1- 2<br>VG30-13 | 143927 | 41/16-17<br>24.3.17 |
| 9 | ചെറുവേരിത്താഴെ പെരുമാൾക്കണ്ടി റോഡ് | SS1 – 2<br>RS1- 1 | 52447 | 36/16-17<br>24.3.17 |

| | | | | |
|---|---|---|---|---|
| | | VG30-4 | | |
| | | | 966359 | |

കമ്പനികളുടെ ഇൻവോയ്സ് പരിശോധിച്ചതിൽ ആകെ 141 ബാരൽ ബിറ്റുമിൻ വില 925580/- രൂപയാണ്. എന്നാൽ അടവാക്കിയ തുക 9,66,359/- രൂപയാണ്. 40,779/- രൂപ അധികം അടവാക്കി. 40,779/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അധികം അടവാക്കിയ തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-6 ജോലിയുടെ ഭാഗമായുള്ള പരിശോധനകൾക്ക് പി സി എ വാങ്ങുന്ന ഉദ്യോഗസ്ഥർ വാഹനം വാടകയ്ക്കെടുക്കുന്നു.

പ്രോജക്റ്റ് നം -18/17

പ്രൊജക്ടിന്റെ പേര്-അമ്മമാർക്കും കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവെപ്പ്

അടങ്കൽ -75,000/-

ചെലവ് - 30,642/- 3/16-17 19.10.2016

10,497/- 6/16-17 15.12.2016

12,441/- 11/16-17 03.03.2017

19,842/- 15/16-17 29.03.2015

73,422/-

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(പി എച്ച് സി)

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും വിവിധ സബ് സെന്ററുകളിലേക്ക് പ്രതിരോധകുത്തിവെപ്പ് നടത്തുന്നതിനും പഞ്ചായത്തിലെ ഹോട്ടലുകൾ, കൂൾബാറുകൾ ബേക്കറി എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന നടത്തുന്നതിനും വാഹന വാടക ഇനത്തിൽ തുക നൽകുന്നതിനാണ് മേൽ പദ്ധതി നടപ്പാക്കിയത്.

9.12.2003 ലെ സ ഉ (പി)254/2003/H&FWD ഉത്തരവിലൂടെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ജീവനക്കാരുടെ (എച്ച് ഐ,ജെ എച്ച് ഐ)പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടതും സബ്സെന്ററുകളിൽ പ്രതോരാധ കുത്തിവെപ്പ് നൽകേണ്ടതും ജീവനക്കാരുടെ ദൈനംദിന ജോലിയിൽപ്പെട്ടതാണ്. ആയതിനായി ശമ്പളത്തോടൊപ്പം പി. സി. എ കൈപ്പറ്റുന്ന ജീവനക്കാർക്ക് വണ്ടി വാടക ഇനത്തിൽ തുക നൽകിയത് ക്രമപ്രകാരമല്ല. 73,422/- രൂപയുടെ ചെലവു അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-7 പാർശ്വ ഭിത്തിക്ക് ആവശ്യമുള്ളതിലധികം വീതിയിൽ ഫൗണ്ടേഷൻ നല്കി - അനാവശ്യ ചിലവ്

പ്രോജക്ട് – മണ്ടിലിച്ചിക്കണ്ടി -അരയാൽമുക്ക് റോഡ് 170/17

അടങ്കൽ – 330000 (266171 വികസനഫണ്ട്, 38829 wb, 25000 തനത്ഫണ്ട്)

നിർവ്വഹണം – സെക്രട്ടറി

ടിഎസ് – 75111/16-17

ചെലവ് -2,66,171/- 58/16-17 31.3.17

38,829/- 54/16-17 31.3.17

25,000/- ബിൽ നമ്പർ ഇല്ല.

ആകെ 3,30,000/-

എംബുക്ക് – 325/16-17

മേൽ പ്രവൃത്തിക്കായി 130 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിച്ച് കോൺക്രീറ്റ് ബെൽറ്റ് നല്കാനും മണ്ണ് ഫിൽ ചെയ്യുന്നതിനും ക്വാറിമക്ക് ലെയർ നല്കുന്നതിനുമാണ് ഉദ്ദേശിച്ചത്. ആയതിനായി 130 മീറ്റർ ദൂരം ഒരു മീറ്റർ വീതിയിലും 30 cm ആഴത്തിലും മണ്ണ് കിളച്ച് മാറ്റി ഡ്രൈ റബ്ൾ ഫൗണ്ടേഷൻ നല്കിയിട്ടുണ്ട്. ആയതിനു മുകളിലായി 50 cm വീതിയിൽ 60cm ഉയരത്തിൽ പാർശ്വഭിത്തി നിർമ്മിച്ച് 1:3:6 അനുപാതത്തിൽ കോൺക്രീറ്റ് ബെൽറ്റ് നല്കി. ഒരു മീറ്റർ വീതിയുള്ള ഫൗണ്ടേഷനു മുകളിൽ ഒരേ വീതിയിൽ (50 cm) അതും തറയുടെ പകുതി മാത്രം വീതിയിൽ പാർശ്വഭിത്തി നിർമ്മിച്ചതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. അര മീറ്റർ ഓഫ്സെറ്റ് നല്കിയതും വിശദീകരിച്ചിട്ടില്ല. ബാക്കി ഭാഗം ഡ്രെയിനേജിനടിയിലുള്ള പേവിങ് എന്ന രീതിയിലായിരുന്നെങ്കിൽ 30 cm കനം നല്കിയതിന് വിശദീകരണമില്ല. സാമാന്യ എഞ്ചിനീയറിങ് രീതിയനുസരിച്ച് സാധാരണ ഗതിയിൽ ഉയരത്തിന്റെ 40% വീതിയാണ് ഫൗണ്ടേഷന് വേണ്ടത്. (0.4h) ഇവിടെ 60 cm മാത്രം ഉയരമുള്ള പാർശ്വഭിത്തിക്ക് 24 സെ.മീ വീതിയുള്ള പാർശ്വഭിത്തി മതിയെന്നിരിക്കേ 50 സെ.മീ വീതി നല്കിയതിനും ഫൗണ്ടേഷന് ഒരു മീറ്റർ വീതിയും നല്കിയതിനും ഓഫ്സെറ്റ് സാധാരണഗതിയിൽ 10cm മതിയെന്നിരിക്കെ 50cm നല്കിയതിനും വിശദീകരണം നല്കേണ്ടതാണ്. 3,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-8 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല.

പ്രോജക്ട്, നം : 50/ 2016-2017

ബിൽ നം/തുക : 1/2016-17/14-3-2017, 1,00,000

നിർവഹണഉദ്യോഗസ്ഥൻ - ഹോമിയോമെഡിക്കൽ ഓഫീസർ

2016-17 സാമ്പത്തിക വർഷത്തിൽ ഹോമിയോഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങാൻ വേണ്ടി മാനേജിങ് ഡയറക്ടർ,ഹോംകോ യുടെ എക്കൗണ്ടിലേക്ക് 1,00,000/- രൂപ കൈമാറിയിട്ടുണ്ട് . പ്രസ്തുത മരുന്ന് ഓഡിറ്റ് കാലയളവ് വരെ സ്ഥാപനത്തിന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ നിർവഹണ ഉദ്യോഗസ്ഥൻ TR 7A ക്യാഷ് ബുക്ക് ,പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 പ്രായപരിധി കഴിഞ്ഞവർക്ക് തൊഴിൽരഹിത വേതനം വിതരണം ചെയ്തു

തൊഴിൽ രഹിത വേതനം രജിസ്റ്ററുകളും അനുബന്ധ ഫയലുകളും പരിശോധിച്ചതിൽ പ്രായപരിധി അവസാനിച്ച ആളുകൾക്ക് വേതനം വിതരണം ചെയ്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ആളിന്റെ പേര് | റോൾ നമ്പർ | ജനന തീയ്യതി | വേതനം അനുവദിക്കാവുന്ന കാലയളവ് | അനുവദിച്ച കാലയളവ് | കാല യളവിൽ അധികം അനുവദിച്ച തുക | കൈപ്പറ്റിയ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | ശ്രീമതി.ഷിത ചാലിൽകണ്ടിയിൽ | 823 | 06.05.1980 | 4/2015 വരെ | 7/2015 മുതൽ 11/2015 വരെ | 480/- | 16.03.2016 |
| 2 | ശ്രീമതി.ഹസീന സി. പി ചുണ്ടപ്പറമ്പത്ത് | 710 | 06.01.1981 | 2/2015 വരെ | 08/2016 മുതൽ 02/2017 വരെ | 480/- | 28.03.2017 |
| 3 | ശ്രീമതി.ലിജി കെ.പി കുരന്റെ പറമ്പത്ത് | 724 | 05.03.1981 | 02/2016 വരെ | 08/2016 മുതൽ 02/2017 വരെ | 240/- | 28.03.2017 |
| ആകെ | | | | | | 1200/- | |

പ്രായപരിധി കഴിഞ്ഞതിന് ശേഷം തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന് വിശദീകരണം നൽകേണ്ടതും അധികം അനുവദിച്ച തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

## 3-10 ടാർ അശ്രദ്ധമായി സൂക്ഷിച്ച് ഉപയോഗ ശൂന്യമാക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യതയില്ല

ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ടാർ മുൻബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. മറ്റ് ഇനങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ഒരു പേജിൽ ഇഷ്യൂ മാത്രമാണ് കാണിച്ചത്. പഞ്ചായത്ത് ഓഫീസിന്റെ മുൻവശത്ത് നാല് ബാരൽ ടാർ നശിച്ച് കൊണ്ടിരിക്കുന്ന അവസ്ഥയിൽ അശ്രദ്ധമായി സൂക്ഷിച്ചതായി കണ്ടു. (ചിത്രം കാണുക)



നിലവിലെ മാർക്കറ്റ് നിരക്കനുസരിച്ച് 20112/- ( 5028 x4) രൂപയുടെ ടാറാണ് ഇത്തരത്തിൽ നശിച്ചു കൊണ്ടിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി റോഡ് പ്രവൃത്തികളിൽ ഉപയോഗിക്കേണ്ടതാണ്.

## 3-11 പത്താം തരം തുല്യതാ ഫീസും പരീക്ഷാ ഫീസും നൽകിയതിലെ അപാകത

പ്രൊജക്റ്റ്- പത്താം തരം തുല്യതാ ഫീസും പരീക്ഷാ ഫീസും

പ്രൊജക്റ്റ് നം.- 22/17

അടങ്കൽ- 1,12,500 (വി. ഫ- 60,700; ധന. ഗ്രാന്റ്- 50,000)

ചെലവ്- ബിൽ നം. 1/16-17തി. 29.09.2016 – 22,500 രൂപ

ബിൽ നം. 5/16-17തി. 21.3.2017 – 60,700 രൂപ

ബിൽ നം. 6/16-17തി. 21.3.2017 – 27,500 രൂപ

പത്താംതരം തുല്യതാ ഫീസ് നൽകാൻ ഒരു പഠിതാവിന് 1500 രൂപ നിരക്കിൽ ഫീസ് അടയ്ക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഫീസ് അടച്ചപ്പോൾ സാക്ഷരതാ പ്രേരക് ഇത്ര ആളുകൾ ക്ലാസിൽ പങ്കെടുത്തെന്നും, അത് ആരൊക്കെയാണെന്നും വ്യക്തമാക്കിയ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇവർ കൃത്യമായി ക്ലാസ്സുകളിൽ പങ്കെടുത്തെന്നും പരീക്ഷ എഴുതാൻ പ്രാപ്തരാണെന്നുമുള്ള സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലുള്ള രേഖകൾ ഇല്ലാതെ ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുക 1,10,700 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-12 സർക്കാർ നിർദ്ദേശമില്ലാതെ സ്കൂളുകളിൽ ഫസ്റ്റ് എയിഡ് കിറ്റ് വിതരണം നടത്തി.

പ്രൊജക്റ്റ്- സർക്കാർ എയിഡഡ് സ്കൂളുകളിൽ ഫസ്റ്റ് എയിഡ് കിറ്റ് വിതരണം

പ്രൊജക്റ്റ് നം.- 26/17

അടങ്കൽ- 24,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- ബിൽ നം. 4/16-17തി. 27.01.2017 – 24,000 രൂപ

സർക്കാർ എയിഡഡ് സ്കൂളുകളിൽ ഫസ്റ്റ് എയിഡ് കിറ്റ് വിതരണം നടത്താനായി ആണ് 24,000 രൂപ ചെലവഴിച്ചത്. ഒരു സ്കൂളിന് 2000 രൂപ എന്ന കണക്കിൽ 12 സ്കൂളിനായാണ് ഈ തുക ചെലവഴിച്ചത്. നീതി മെഡിക്കൽ സ്റ്റോറിൽ നിന്നാണ് ഇവ വാങ്ങിയത്. (ബിൽ നം. 5929/21.3.2017)

ബില്ലിൽ 12% മുതൽ ഡിസ്കൗണ്ട് എന്ന് കാണിച്ചിട്ടുണ്ടെങ്കിലും, 10% മാത്രമേ ഡിസ്കൗണ്ട് അനുവദിച്ചിട്ടുള്ളൂ. കൂടാതെ, 2016-17 വർഷത്തേക്ക് ബാധകമായ സ.ഉ.(എം എസ്) 4/2016 തി. 11. 1.2016 ൽ ഇത്തരം ഇനങ്ങൾക്ക് സബ്സിഡി നൽകാൻ വ്യവസ്ഥയില്ല.ചെലവഴിച്ച തുക 24,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-13 പ്രതിവാര പരിശോധന മാത്രം നടക്കുന്ന സബ്സെന്ററിന് കമ്പ്യൂട്ടറും സ്കാനറും - ഇൻസ്റ്റാൾ ചെയ്യുന്നതിന് പ്രത്യേക തുക നല്കി

പ്രോജക്ട് സബ്സെന്ററുകൾക്ക് കമ്പ്യൂട്ടർ- 20/17

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പിഎച്ച്സി

അടങ്കൽ – 55,000/-

ചെലവ് 53400/- ബിൽ 12/16-17/ തി. 27.3.17

പി.എച്ച്.സി യുടെ അനുബന്ധമായി പ്രവർത്തിക്കുന്ന സബ്സെന്ററിലേക്ക് കമ്പ്യൂട്ടർ, സ്കാൻ കോപ്പി സൗകര്യങ്ങളുള്ള പ്രിന്റർ എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട്. ആയതിനായി കെൽട്രോണിൽ നിന്നും core I3 processor, graphic card, 4GB Ram, 1 TB memory, Dvd writer എന്നീ ഫീച്ചറുകളുള്ള കമ്പ്യൂട്ടർ, യുപിഎസ്, സ്കാൻ കോപ്പി സൗകര്യങ്ങളുള്ള പ്രിന്റർ എന്നിവ 52900/- രൂപ ചെലവഴിച്ച് വാങ്ങി.

പ്രതിവാര പരിശോധനകൾ മാത്രം നടക്കുന്നതും ഓഫീസ് പ്രവർത്തിക്കാത്തതും ഫീൽഡ് ജീവനക്കാർ മാത്രമുള്ളതുമായ സബ്സെന്ററിലേക്ക് മേൽപ്പറഞ്ഞ തരത്തിലുള്ള ഉയർന്ന സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറും സ്കാനർ കോപ്പിയർ പ്രിന്ററും വാങ്ങേണ്ടതിന്റെ ആവശ്യകത വിശദീകരിച്ചിട്ടില്ല. കൂടാതെ മേൽ കമ്പ്യൂട്ടറും സ്കാനറും സ്ഥാപിക്കുന്നതിനായി 500/- രൂപ രാജീവൻ.പി എന്നയാൾക്ക് നല്കിയിട്ടുണ്ട്. കെൽട്രോൺ ഹാൻഡ് ഡെലിവറി നല്കിയ മേൽ ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതും പ്രവർത്തിപ്പിച്ച് കാണിക്കേണ്ടതും കെൽട്രോൺ തന്നെയാണ് എന്നിരിക്കേ കമ്പ്യൂട്ടർ സ്ഥാപിക്കാൻ പ്രത്യകം തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

യഥാർത്ഥ ആവശ്യത്തിൽ കവിഞ്ഞ സ്പെസിഫിക്കേഷനുകളോടെ വാങ്ങിയ ഉപകരണങ്ങളുടെ വില 52,900/- രൂപ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടർ സപ്ലൈ ചെയ്ത സ്ഥാപനം ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്യുമെന്നിരിക്കെ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനു നല്കിയ 500 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## 3-14 അംഗീകൃത വായനശാലകൾക്ക് പുസ്തകം വാങ്ങൽ– ഗ്രന്ഥശാലകൾ പുസ്തകം കൈപ്പറ്റിയതിന്റെ രേഖ ഇല്ല

പ്രൊജക്ട്- അംഗീകൃത വായനശാലകൾക്ക് പുസ്തകം വാങ്ങൽ

പ്രൊജക്ട് നം.- 25/17

അടങ്കൽ- 50,000/- (വി ഫ)

ചെലവ്- ബിൽ നം. 3/16-17തി. 27.01.2017 – 50,000/- രൂപ

അംഗീകൃത വായനശാലകൾക്ക് പുസ്തകം വാങ്ങി നൽകാനായി മാതൃഭൂമി, കറന്റ് പബ്ലിക്കേഷനുകളിൽ നിന്ന് 226 പുസ്തകം വാങ്ങി. 33.33% ഡിസ്കൗണ്ട് ലഭിച്ചിട്ടുണ്ട്. ഇതിൽ 77 എണ്ണം എ കെ ജി ഗ്രന്ഥാലയം നെടുമണ്ണൂരിന് നൽകിയിട്ടുണ്ട്. (രജി. നം. 558/2001). ഈ ഗ്രന്ഥശാലകളെ തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ, ഗ്രന്ഥശാലാ സംഘത്തിൽ നിന്നും ഗ്രാന്റ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുക 50,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-15 ക്ഷീര ഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രൊജക്ട്- ക്ഷീരഗ്രാമം

പ്രൊജക്ട് നം.- 2/17

അടങ്കൽ- 8,40,000/- (വി ഫ- 2,80,000/- ജില്ലാ പ. വിഹിതം- 1,40,000/- ഗുവി- 4,20,000/-)

ചെലവ്- ബിൽ നം. CO 5/16-17തി. 10.3.2017 – 1,65,000 രൂപ

ബിൽ നം. CO 6/16-17തി. 21.3.2017 – 45,000/- രൂപ

ട്രഷറി ചെക്ക് നം- SB/CJ 3126505 dtd 25.3.2017 Rs 2,10,000/-

ക്ഷീരഗ്രാമം പദ്ധതി പ്രകാരം 14 ഗുണഭോക്താക്കൾക്ക് പശുവിനെ വിതരണം ചെയ്തു. ഒരാൾക്ക് 15,000 രൂപയാണ് സബ്സിഡി. 11 പശുവിനെ വിതരണം ചെയതതിന് ശ്രീ.വിൽസൻ മാത്യു, പുരയിടത്തിൽ, തിരുവമ്പാടി എന്നിവർക്ക് 1,65,000 രൂപ ഫെഡറൽ ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, ബാക്കി തുക നൽകിയതിന്റെ വിവരം ഇല്ല. പർച്ചേസിംഗ് കമ്മിറ്റി തീരുമാനം എടുത്തതിന്റേയും രേഖ ഇല്ല. കൂടാതെ, പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖയും ലഭ്യമാക്കിയിട്ടില്ല. ബിൽ നം 6/16-17 പ്രകാരമുള്ള 45,000 രൂപയും, ഗുണഭോക്തൃവിഹിതമായി നൽകിയ 2,10,000 രൂപയും പശുവിനെ നൽകിയ ആൾക്ക് നൽകിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല. അതിനാൽ രേഖ ലഭ്യമാക്കാത്ത തുകയുടെ ചെലവ് (2,55,000 രൂപ) ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-16 ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ലാപ്ടോപ്പ് വാങ്ങുന്നതിന് കെഎൽജിഎസ്ഡിപി ഗ്രാന്റ് ചെലവഴിച്ചു.

പ്രോജക്ട് – പ്രസിഡന്റിന് ലാപ്ടോപ്പ് 191/17

അടങ്കൽ – 35000 ലോകബാങ്ക് ധനസഹായം

നിർവ്വഹണം- സെക്രട്ടറി

ചെലവ് – 33500/- 52/16-17 31.3.17

ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ലാപ് ടോപ്പ് വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. ആയതിനായി 33500 രൂപ ചെലവഴിച്ച് കുറ്റ്യാടി ഇൻഫോ സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നും ലാപ് ടോപ്പ് വാങ്ങിയിട്ടുണ്ട്.

5.4.13 ലെ ജിഓ(പി) 915/13/തസ്വഭവ ഉത്തരവു പ്രകാരം തനതു ഫണ്ടിലോ ജനറൽ പർപ്പസ് ഗ്രാന്റിലോ ഉൾപ്പെടുത്തിയാണ് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങാൻ അനുമതിയുള്ളത്. എന്നാൽ ആയതിനു വിരുദ്ധമായി ലോക ബാങ്ക് ധനസഹായത്തിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. 33500/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-17 തുറസ്സായ കിണർ ശുചിത്വ കിണറാക്കൽ - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല

I)പ്രൊജക്ട് - തുറസ്സായ കിണർ ശുചിത്വ കിണറാക്കൽ

പ്രൊജക്ട് നം. - 149/17 (S O)

അടങ്കൽ - 37,000 (വി ഫ)

ചെലവ്- ബിൽ നം. 6/VEO/KYD/16-17തി. 23.12.2016 – 10,000 രൂപ

ബിൽ നം. 7/VEO/KYD/16-17തി. 08.02.2017 – 5,000 രൂപ

ബിൽ നം.11/VEO/KYD/16-17തി. 14.03.2017 – 5,000 രൂപ

ബിൽ നം. 27/VEO/KYD/16-17തി. 30.03.2017 – 5,000 രൂപ

II)പ്രൊജക്ട്- ഉറസ്സായ കിണർ ശുചിത്വ കിണറാക്കൽ

പ്രൊജക്ട് നം.- 29/17

അടങ്കൽ- 1,60,000 (വി ഫ)

ചെലവ്- ബിൽ നം. 10/VEO/KYD/16-17തി. 14.03.2017 – 60,000 രൂപ

ബിൽ നം. 26/VEO/KYD/16-17തി. 30.03.2017 – 15,000 രൂപ

ഈ പ്രൊജക്ട് ഒന്ന് സ്പിൽ ഓവർ ആയതും, രണ്ടാമത്തേത് ഈ വർഷത്തേതുമാണ്. പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ബിൽ നം. 7/16-17 ന് നൽകിയ 5000/- രൂപ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല.

2) പദ്ധതി മാർഗ്ഗ രേഖ സ.ഉ.(എം എസ്) 4/2016 തസ്വഭവ തി. 11.01.2016 പ്രകാരം ഉറസ്സായ കിണർ ശുചിത്വ കിണറാക്കൽ പദ്ധതിക്ക് എൻജിനിയറുടെ വാല്വേഷൻ നിർബന്ധമാണ്. എന്നാൽ ഒരു ഫയലിലും ഈ വാല്വേഷൻ വെച്ചിട്ടില്ല. മേൽ അപാകതകൾ കാരണം ചെലവഴിച്ച തുക 1,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-18 സാനിട്ടറി യൂണിറ്റ്- വികസന ഫണ്ട് പിൻവലിച്ചത് മുഴുവൻ ചെലവഴിച്ചില്ല.

പ്രൊജക്ട്- സാനിട്ടറി യൂണിറ്റ്- (ഒ ഡി എഫ്)

പ്രൊജക്ട് നം.- 1/17

അടങ്കൽ- 24,64,000/- (വി ഫ- 5,44,000; ധ.ഗ്രാന്റ്- 13,44,000; തനത്- 5,76,000)

ചെലവ്- ബിൽ നം. 1/VEO/KYD/16-17തി. 7.09.2016 – 5,44,000 /-രൂപ

സാനിട്ടറി യൂണിറ്റ് നിർമ്മിക്കുന്നതിനായി ഒരു യൂണിറ്റിന് 15,400/- രൂപയാണ് ആകെ വിഹിതം. ഇതിനായി വികസന ഫണ്ട് പിൻവലിച്ച് ഒരാൾക്ക് 3,400/- രൂപ നിരക്കിൽ 160 പേരുടെ വിഹിതം ടി.എസ്.സി അക്കൗണ്ടിൽ നിക്ഷേപിച്ചു. എന്നാൽ, 155 പേർക്ക് മാത്രമേ വിഹിതം വിതരണം ചെയ്തുള്ളൂ. 5 പേരുടെ വി.ഫ. വിഹിതം, തനത് ഫണ്ട് എന്നിവ ഉൾപ്പെടെ 7000/- രൂപ വീതം 35,000/- രൂപ ടി. എസ്. സി ഫണ്ടിൽ നീക്കിയിരിപ്പുണ്ട്. ഇങ്ങനെ വരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. അധികം പിൻവലിച്ച വികസന ഫണ്ട് (17,000/- രൂപ) സഞ്ചിത നിധിയിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-19 യാത്രാ ബത്ത മുൻകൂർ ക്രമീകരിച്ചില്ല

വൗച്ചർ 21600168/13.6.16 1000

പഞ്ചായത്തിന്റെ വിവിധ പ്രശ്നങ്ങളിൽ മുഖ്യമന്ത്രിക്ക് നിവേദനം നല്കാനായി പ്രസിഡന്റ് ശ്രീമതി.കെ.ടി അശ്വതിക്ക് തിരുവനന്തപുരം യാത്രയ്ക്കായി മേൽ വൗച്ചർ പ്രകാരം 1000/- രൂപ യാത്രാ ബത്ത മുൻകൂർ നല്കിയിരുന്നു. മൂന്നു മാസത്തിനുള്ളിൽ മേൽ മുൻകൂർ യാത്രാഡയറി വാങ്ങി ബിൽ പ്രകാരം ക്രമികരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇത്തരത്തിൽ ക്രമീകരിക്കാതെ വരുന്ന മുൻകൂർ 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-20 എസ് എസ് എ വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഇല്ല പ്രൊജക്ട്- എസ് എസ് എ വിഹിതം

പ്രൊജക്ട് നം.- 21/17

അടങ്കൽ - 7,00,000 (വി ഫ)

ചെലവ് - ബിൽ നം. 2/16-17തി. 19.10.2016 – 7,00,000 രൂപ

മുകളിലെ ബിൽ പ്രകാരമുള്ള തുക എസ് എസ് എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിശദമായ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക തടസ്സത്തിൽ വെക്കുന്നു.

## 3-21 കന്നുകുട്ടിപരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രൊജക്ട് - കന്നുകുട്ടിപരിപാലനം

പ്രൊജക്ട് നം.- 6/17

അടങ്കൽ - 4,00,000 (വി ഫ)

ചെലവ്- ബിൽ നം. 8/16-17തി. 28.3.2017 – 4,00,000 രൂപ

കന്നുകുട്ടിപരിപാലനത്തിനായി 64 പേർക്ക് 6250 രൂപ വീതം 4,00,000/- രൂപ കാഫ് ഫീഡ് പ്രോഗ്രാം ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 4,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-22 ആശ്രയ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

കായക്കൊടി ഗ്രാമ പഞ്ചായത്തിൽ 29 ഗുണഭോക്താക്കൾ ആണ് തുടർ സേവനം നൽകുന്നത്. ഇവർക്ക് ആശ്രയ ചലഞ്ച് ഫണ്ടിൽ നിന്നും ഭക്ഷണത്തിന് തുക ചെലവഴിക്കുന്നുണ്ട്. ആശ്രയ പ്രൊജക്ട് പ്രകാരം ഇവർക്ക് ഭക്ഷണം, വസ്ത്രം, തൊഴിൽ, കുടിവെള്ളം, എന്നിവ നൽകാനുണ്ട്. എന്നാൽ, ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം മാത്രമേ നൽകുന്നുള്ളൂ.

തുടർ സേവന പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് ഇനിയും ലഭ്യമാകേണ്ട സേവനങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സേവനം ഇനം | ആവശ്യമായ കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | വീട് | 7 |
| 2 | വീട് റിപ്പയർ | 2 |
| 3 | കക്കൂസ് | 6 |
| 4 | കുടിവെള്ളം | 9 |
| 5 | വൈദ്യുതി | 5 |

ആശ്രയ വിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് മതിയായ സേവനങ്ങൾ ലഭ്യമാക്കിയതിന് ശേഷമാണ് മറ്റുള്ളവരെ പരിഗണിക്കേണ്ടിയിരുന്നത്. എന്നാൽ സമ്പൂർണ്ണ ശുചിത്വ യജ്ഞം പ്രകാരം എല്ലാവർക്കും കക്കൂസ് നൽകിയിട്ടും ആശ്രയ വിഭാഗത്തിൽ പെട്ടവരായ 6 കുടുംബങ്ങൾക്ക് ഇനിയും ലഭ്യമാക്കിയിട്ടില്ല എന്നത് ശരിയായ നടപടിയല്ല. അതുപോലെ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കിയിട്ടും എല്ലാ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കാത്തതും പദ്ധതി നടത്തിപ്പിലെ പോരായ്മയായാണ് കാണിക്കുന്നത്.ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പാക്കി ഗുണഭോക്താക്കൾക്ക് അർഹമായ സേവനങ്ങൾ യഥാസമയം ലഭ്യമാക്കി എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-23 ഇ ടെണ്ടർഫോറം വില പഞ്ചായത്ത്ഫണ്ടിൽ വരവ് വെക്കുന്നില്ല

തൻവർഷം ഇ- ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ 4 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തതായും ടെണ്ടർ ഫോറം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ഒടുക്കിയതായും കാണുന്നു. എന്നാൽ ഓഡിറ്റ് തിയ്യതിവരെ മേൽ തുക പഞ്ചായത്ത് തനതുഫണ്ടിലേക്ക് തിരികെ ലഭിച്ചില്ല. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.


## 3-24 അസി.എഞ്ചിനീയറുടെ മേൽ നോട്ടമില്ലാതെയും അളവെടുക്കാതെയും റോഡ് പ്രവൃത്തി നടത്തി - ബിൽ നല്കുന്നതിനു മുമ്പ് റോഡ് തകർന്നു -

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.8.17 ലെ എ3/3437/17 നം കത്ത് പ്രകാരം പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളിൽ നടന്ന അപാകതകളെക്കുറിച്ചുള്ള പരാതി ഈ ഓഫീസിലേക്ക് അയച്ചു തന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 02.09.2017 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ മനോജ്.കെ, അസി.എഞ്ചിനീയർ ശ്രീമതി ഷബീല.കെ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തുകയുണ്ടായി .


1. മുക്കിൽ പീടിക പൂളക്കൽ റോഡ്

പ്രോജക്ട് 60/17 ;അടങ്കൽ 300000 ;ടിഎസ് 33628/16-17


10.01.2017 ന് സെലക്ഷൻ നോട്ടീസ് നൽകി 09.02.17 ന് 32/16-17 നമ്പറായി എഗ്രിമെന്റ് വച്ച മേൽ പ്രവൃത്തിക്കായി ശ്രീ.സുകീഷ്.സി.പി എന്ന കരാറുകാരന് 3 ബാരൽ എസ്.എസ് 1, ഒരു ബാരൽ ആർഎസ് 1, 8 ബാരൽ വിജി 30 എന്നീയിനങ്ങളിൽ ടാർ പഞ്ചായത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 25.04.2017 ലാണ് ടാർ നല്കിയിട്ടുള്ളത്. പ്രവൃത്തി പരിശോധന നടത്തിയ 2.9.2017 വരെ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ല. സ്ഥലം നേരിട്ട് പരിശോധിച്ചതിൽ ടാറിങ്ങ് പ്രവൃത്തി പൂർത്തിയാക്കിയതായി കണ്ടു. അസി.എഞ്ചിനീയറുടെ മേൽനോട്ടത്തിലല്ല മേൽ പ്രവൃത്തി നടത്തിയതെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. വേണ്ടത്ര ടാർ ഉപയാഗിക്കാത്തതിനാൽ റോഡ് പലയിടത്തും മെറ്റൽ ഇളകിയ നിലയിലാണ്. സമീപത്തുള്ള ശ്രീ.ലത്തീഫ് തുണ്ടിയിൽ, ശ്രീ.മുഹമ്മദ് കുറ്റിയിന്റ പറമ്പത്ത്, ശ്രീ.മുജീബ് തുണ്ടിയിൽ എന്നിവരുടെ വീടുകളുടെ ഗേറ്റ് വരെയുള്ള ഭാഗങ്ങൾ ടാർ ചെയ്തിട്ടുള്ളതായി കണ്ടു (ഏകദേശം 15 മീറ്ററോളം നീളത്തിലും 5 മീറ്ററോളം വീതിയിലും ഓരോ വീട്ടിലേക്കും) . പരാതിയിൽ മേൽ പ്രവൃത്തിയിലെ ടാർ ഉപയോഗിച്ച് വീട്ടിലേക്കു ടാർ ചെയ്തതായി പറയുന്ന മറ്റ് രണ്ടു വീടുകൾ മേൽ റോഡിൽ നിന്നും വിട്ട് മറ്റൊരു സ്ഥലത്താണുള്ളത്. ആയതിൽ ശ്രീ.കെ.കെ കുഞ്ഞബ്ദുള്ള, നജ്നാസ് വീട് എന്നയാളുടെ മുറ്റവും വീട്ടിലേക്കുള്ള പാതയും ടാർ ചെയ്തിട്ടുണ്ട്. ശ്രീ.ബഷീർ കുഞ്ഞുംവീട് എന്നയാളുടെ വീട്ടിലേക്കുള്ള പാതയും ടാർ ചെയ്തിട്ടുണ്ട്.







6.




കൊയിറ്റിക്കണ്ടി റോഡ്


പ്രോജക്റ്റ് 75/17 അടങ്കൽ 318000 ടിഎസ് 33631/16-17

10.1.2017 ന് സെലക്ഷൻ നോട്ടീസ് നൽകി 9.2.17 ന് 33/16-17 നമ്പറായി എഗ്രീമെന്റ് വച്ച മേൽ പ്രവൃത്തിക്കായി ശ്രീ.സുകീഷ്.സി.പി എന്ന കരാറുകാരന് 2 ബാരൽ എസ്.എസ് 1, ഒരു ബാരൽ ആർഎസ് 1, 6 ബാരൽ വിജി 30 എന്നിയിനങ്ങളിൽ ടാർ പഞ്ചായത്തിൽ നിന്നും വാങ്ങി

നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 25.4.2017 ലാണ് ടാർ നല്കിയിട്ടുള്ളത്. പ്രവൃത്തി പരിശോധന നടത്തിയ 2.9.2017 വരെ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ല. സ്ഥലം നേരിട്ട് പരിശോധിച്ചതിൽ ടാറിങ്ങ് പ്രവൃത്തി പൂർത്തിയാക്കിയതായി കണ്ടു. അസി.എഞ്ചിനീയറുടെ മേൽനോട്ടത്തിലല്ല മേൽ പ്രവൃത്തി നടത്തിയതെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. വേണ്ടത്ര ടാർ ഉപയാഗിക്കാത്തതിനാൽ റോഡ് പലയിടത്തും മെറ്റൽ ഇളകിയ നിലയിലാണ്.







അസി.എഞ്ചിനീയറുടെ മേൽ നോട്ടമില്ലാതെയും അളവുകൾ പരിശോധിക്കാതെയും നടത്തിയ പ്രവൃത്തികൾക്കായി നൽകിയ ടാറിന് ചെലവഴിച്ച തുക (86082+63242=149324) കരാറുകാരനിൽ നിന്നും തിരിച്ച് പിടിക്കേണ്ടതും കരാർ, ചട്ട ലംഘനം നടത്തിയ കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കൂടാതെ 2017 മാർച്ചിൽ എഗ്രിമെന്റ് വച്ച് 6 മാസം പൂർത്തീകരണ കാലാവധി നൽകിയ ദേവർ കോവിൽ പൂക്കാട് റോഡ്, ചെറുവേരിത്താഴെ പെരുമാൾക്കണ്ടി റോഡ്, നെല്ലിയുള്ളതിൽ പാലാഴി റോഡ്, ഈന്തുള്ള തറ കട്ടിപ്പാറ റോഡ്, പൊയിലു പറമ്പത്ത് പിലാവുള്ളതിൽ റോഡ് എന്നീ പ്രവൃത്തികൾ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. പ്രവൃത്തി വൈകാൻ പ്രത്യേക കാരണങ്ങളൊന്നും തന്നെ സ്ഥല പരിശോധനയിൽ കണ്ടില്ല. ആയതു കൊണ്ടു തന്നെ ബിൽ തുക നല്കുന്നതിനു മുമ്പ് നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തിയ്യതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് | 16-3-17 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ബ്ളോക്ക് | 27-3-2017 | 100000 | സാന്ത്വനപരിചരണം | 86190 | 13810 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | തിരിച്ചടച്ച തുക | | സ്വാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|---|
| | | | മുതൽ | പലിശ | മുതൽ | പലിശ | മുതൽ | പലിശ |
| ഇ എം‌എസ്സ് ലോൺ | 646/2010 /25-2-2010 | 0 | 1228309 സാമ്പത്തികവർഷം (2009-10) | 0 | 1127700 | 0 | 100609 | 0 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 606830 |
| തൻവർഷം നിക്ഷേപിച്ച തുക | 32681 |
| ആകെ | 639511 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 639511 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർനം 337/321 | 15000+10000+25000 |
| FDR No 8678 | 614511 |
| ആകെ | 639511 |

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഓഡിറ്റ് കാലയളവിൽ താഴെ പറയുന്ന തുക വരവ് വന്നിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപേരും | രസീത് നം/തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1996-97 | 25 | 360 | ശ്രീ.സത്യൻ,ഹെഡ്മാസ്റ്റർ | 11602100924/30-7-16 |
| 1998-99 | 35 | 58 | ശ്രീ.മാത്തു,മെമ്പർ | 11602101019/11-8-16 |
| 1998-99 | 31,34,36,38 | 519 | ശ്രീ.പൊന്നപ്പൻആചാരി, സെക്രട്ടറി | 11602101020/ 11602101021/8-8-16 |
| 1998-99 | 16 | 2250 | ശ്രീ.പൊന്നപ്പൻആചാരി, സെക്രട്ടറി | 11602101020& 11602101021/8-8-16 |
| 1997-98 | 36,35,32,31, 30,38 | 5966 | ശ്രീ.പൊന്നപ്പൻആചാരി, സെക്രട്ടറി | 11602101022to 11602101027/8-8-16 |
| 2014-15 | 3,8 | 2554 | ശ്രീലത(HC) | 11602101069/11-8-16 |
| 1997-98 | 34 | 113 | അബ്ബാസ്,(L.D.C) | 11602100201/25-4-16 |
| 1998-99 | 16 | 240 | അബ്ബാസ്,(L.D.C) | 11602100202/25-4-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 50 | 2003-04 | 4 | ജല വകുപ്പിന്റെ സ്ഥലത്ത് അനുമതിയില്ലാതെ കെട്ടിടം പണിതു | |
| 1999-00 | 33 | 2003-04 | 1 | പൊതു പരാമർശങ്ങൾ-തൊഴിൽ യൂണിറ്റുകൾ പരാജയം-പദ്ധതി പണം ദുർവിനിയോഗം ചെയ്തു. ബേക്കറി യൂണിറ്റ് പ്രവർത്തനം നടത്തിയില്ല | |

| | | | | | |
|---|---|---|---|---|---|
| 1999-00 | 35 | 2003-04 | 5 | മൈത്രി ഭവന പദ്ധതി -ഉത്തരവാദിത്വം നിറവേറ്റിയില്ല വീട് പൂർത്തിയാക്കിയത് സംബന്ധിച്ച് വിവരമില്ല | |
| 1999-00 | 20(1)(1) | -ടി- | 7 | നികുതി പിരിവിൽ അലംഭാവം-വൻ തുക കാലഹരണപ്പെട്ടു. | |
| 1998-99 | | 2003-04 | ഇല്ല | മറ്റ് പരാമർശങ്ങൾ-വീട് ഓട് മേയൽ പദ്ധതി വിഹിതമായി അധികം നൽകിയ തുക 73,800/- | |
| 2000-01 | 1 | 2004-05 | 2 | മറ്റ് പരാമർശങ്ങൾ-ബജറ്റ് പാസ്സാക്കുന്നില്ല.ഗ്രാമ പഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു<br>ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.ബജറ്റിന്റെ കോപ്പി,മിനുട്സ് എന്നിവ ഹാജരാക്കിയില്ല | |
| | | 2004-05 | | നികുതി പിരിവിൽ അലംഭാവം-കുടിശ്ശിക പെരുകുന്നു. | |
| 1999-00 | | 2004-05 | | കെട്ടിട നികുതി | 396881 |
| | | 2004-05 | | തൊഴിൽ നികുതി | 119416 |
| 2000-01 | | 2004-05 | | കെട്ടിട നികുതി | 469054 |
| | | 2004-05 | | തൊഴിൽ നികുതി | 62976 |
| 1998-99 | 29 | 2004-05 | 5 | സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ -വ്യക്തിഗത ആനുകൂല്യങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | | | വിതരണം ചെയ്തത്-<br>മണ്ണ് സംരക്ഷണ പദ്ധതി | |
| 1999-00 | 34 | -ടി- | 5 | ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം | |
| 2003-04 | 3(4) | 2006-07 | 3.79.5 | വാട്ടർ ചാർജ്ജ് ഇനത്തിൽ വസ്തു കൈമാറ്റത്തീരുവയിനത്തിൽ നിന്നും തുക<br>തട്ടിക്കിഴിച്ച് വാട്ടർ അതോറിറ്റിക്കു നൽകിയതിൽ അപാകത | |
| 2003-04 | 3(3) | 2006-07 | 3.79.19 | മരാമത്ത് പ്രവൃത്തികൾ- നിരക്ക് അധികം നൽകുന്നത് അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം<br>7770- അധികം നിരക്ക് നൽകി. | |
| 2003-04 | 3(5) | 2006-07 | 3.79.19 | നാവോട്ടുകുന്ന് ഹരിജൻ കോളനി റോഡ് സെഷനിംഗ് പ്രവൃത്തി 998 രൂപ മണ്ണ് നിറച്ച് സ്ഥലത്ത് സെഷനിംഗ് നടത്തിയതിന് തുക നൽകി. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43967228 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42101099 |
| വരവിനങ്ങളിലുള്ള നഷ്ടം | 25615 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 311296 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2213555 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3<br>3-1 | 25615 | 48195 | ശ്രീ.മുജീബ്റഹ്മാൻ,വെറ്റിനറിസർജൻ |
| 3-2 | | 40355 | ശ്രീ.അബ്ദുൾസലീം,എ.ഇ,<br>ശ്രീമതി. കാർത്തിക എ ഇ,<br>ശ്രീ. സുമേഷ് കെ.സെക്രട്ടറി |
| 3-6 | | 73422 | ശ്രീ.വിനോദ് എം.ഒ .മെഡിക്കൽ ഓഫീസർ.(PHC) |
| 3-13 | | 500 | ശ്രീ.വിനോദ് ,മെഡിക്കൽ ഓഫീസർ.(PHC) |
| 3-24 | | 149324 | ശ്രീ. സുമേഷ് കെ.സെക്രട്ടറി |
| ആകെ | 25615 | 311796 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-3 | 106155 | സുമേഷ് കെ.സെക്രട്ടറി,കാർത്തിക. എ ഇ |
| 3-4 | 9321 | സുമേഷ് കെ.സെക്രട്ടറി |
| 3-5 | 40779 | സുമേഷ് കെ.സെക്രട്ടറി |
| 3-7 | 330000 | കാർത്തിക,എ.ഇ, സുമേഷ് കെ .സെക്രട്ടറി |
| 3-9 | 1200 | സുമേഷ് കെ.സെക്രട്ടറി |
| 3-11 | 110700 | മൊയ്തു.ഹെഡ് മാസ്റ്റർ |
| 3-12 | 24000 | മൊയ്തു.ഹെഡ് മാസ്റ്റർ |
| 3-13 | 52900 | വിനോദ് ,മെഡിക്കൽ ഓഫീസർ.(PHC) |
| 3-14 | 50000 | മൊയ്തു ഹെഡ് മാസ്റ്റർ |
| 3-15 | 255000 | മുജീബ്റഹ്മാൻ.വെറ്റിനറിസർജൻ |
| 3-16 | 33500 | സുമേഷ് കെ.സെക്രട്ടറി |
| 3-17 | 100000 | ഷൈലേഷ് കുമാർ VEO |
| 3-20 | 700000 | മൊയ്തു.ഹെഡ് മാസ്റ്റർ |
| 3-21 | 400000 | മുജീബ്റഹ്മാൻ.വെറ്റിനറിസർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുമേഷ് .കെ<br>സെക്രട്ടറി | കായക്കൊടി ഗ്രാ.പ,തളിയിൽ(പി.ഒ) | സദ്മശ്രീ(ഹൗസ്)<br>ഗുരുവായൂരപ്പൻകോളേജ് (പിഒ) |
| ശ്രീ.മുജീബ്റഹ്മാൻ വെറ്റിനറിസർജൻ | വെറ്റനറിഹോസ്പിറ്റൽ, തേക്കുംകുറ്റി, കോഴിക്കോട് | പാലാട്ട്പറമ്പിൽഹൗസ്, തിരുവമ്പാടി |
| ശ്രീ.ഷൈലേഷ് കുമാർ VEO | വി ഇ ഒ.കായക്കൊടി | വടക്കേതയ്യിൽഹൗസ്, കോട്ടപ്പള്ളിപിഒ |
| ശ്രീ.വിനോദ് സി.കെ മെഡിക്കൽ ഓഫീസർ.(PHC) | പിഎച്ച്.സി കായക്കൊടി | ചെറിയകോട്ടച്ചാലിൽ ഹൗസ്, ചെറുവണ്ണൂർ പിഓ, 673524 |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | എൽ.എഫ്.പി.4/505/96 തി. 20-3-96 | 3 |
| 1983-84 | എൽ.എഫ്. പി.4/506/96 തി. 20-3-96 | 4 |
| 1984-85 | എൽ.എഫ്. പി.4/529/96/20-3-96 | 1 |
| 1990-91<br>19991-92 | LFKKD/P6/953/(3)/11 dt 22.07.11 | 1 |
| 1996-97 | LFKKD/P6/953/(5)/11 dt 22.07.11 | 6 |
| 1997-98 | എൽ.എഫ്. പി.4/114/00 തി. 10-4-00 | 10 |
| 1998-99 | എൽ.എഫ്. പി.4/895/02 തി. 23-1-03 | 30 |

| | | |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി.4/562/03 തി. 21-7-03 | 19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി. പി.3/290/06 തി.7-2-07 | 13 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി. പി.4/1350/03 തി. 7-8-04 | 19 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി. പി.4/1351 /03തി.13-5-04 | 08 |
| 2001-02 ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി. പി3/291/06 തി. 2-1-07 | 06 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. എസ്.2/754 /05/തി.28-9-05 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.എസ്2/156/06 തി. 17-5-06 | 6 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്.2/995/07/ 21-1-08 | 5 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. എസ്.2/1669/07/ തി. 2-4-08 | 7 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി./എസ്.2/001/09/ തി. 4-5-09 | 34 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി.6/512/11/ തി. 28-4-12 | 13 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി6/1160/12 dt 28.07.12 | 15 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.എസ്.4/262/11 തി.-30-11.11 | 16 |

| | | |
|---|---|---|
| 2010-11 & 11-12 | എൽ.എഫ്.കെ.കെ.ഡി.പി6/737/13 തി. 16.07.13 | 16 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി6/1466/14 തി. 07.02.2015 | 11 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി<br>പി 6/1274/2016തി. 25.07.2016 | 31 |
| 2015-16 | കെ എസ് എ കെ കെ ഡി പി-6/51/2017 തി.27-1-17 | 19 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം- 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി.6/1780 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി.22.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും കോഴിക്കോട് കായക്കൊടി ഗ്രാമ പഞ്ചായത്തിന്റെ 2016–17വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് കോഴിക്കോട് കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പും 12.06.2003 ലെ ജി.ഒ.(പി)/319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD- 6/1780 /2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date:22.09.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of kayakkodi Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of kayakkodi Grama Panchayat for the year 2016-17except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

kerala state Audit Department

District Audit Office, Kozhikode.